തടവുകാർ

180. [249] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഫെബ്രുവരി 28-ന് സംസ്ഥാനത്തെ വിവിധ ജയിലുകളിലായി മൊത്തം എത്ര തടവുകാരുണ്ട് ;

(ബി) ഇവരിൽ തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടവരെത്ര ;

(സി) ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരെത്ര ;

(ഡി) രാഷ്ട്രീയ തടവുകാരെത്ര ; സ്ത്രീകളെത്ര ?

ഉത്തരം

(എ) 3321.

(ബി) 11.

(സി) 1224.

(ഡി) രാഷ്ട്രീയ തടവുകാർ ആരുമില്ല. സ്ത്രീ തടവുകാർ 107 പേരുണ്ട്.

റിപ്പർ ആക്രമണം സംബന്ധിച്ച ആഭ്യന്തര വകുപ്പു മന്ത്രിയുടെ പ്രസ്താവന

181. [250] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിപ്പർ ചന്ദ്രനെയും കൂട്ടരേയും പിടിക്കുവാൻ കർണ്ണാടക പോലീസിനു സഹായം നൽകിയത് കേരളാ പോലീസാണെന്ന് ആഭ്യന്തര മന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രസ്താവന കർണ്ണാടക ഡി. ഐ. ജി. രേവണ്ണ സിദ്ധയ്യ നിഷേധിച്ച വിവരം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) പെട്ടുവെങ്കിൽ ഇക്കാര്യത്തിൽ ആഭ്യന്തരമന്ത്രിക്ക് തെറ്റായ വിവരം നൽകിയ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിക്കുവോ ?

ഉത്തരം

(എ) കേരളാ പോലീസിന്റെയും കർണ്ണാടക പോലീസിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് റിപ്പറെയും കൂട്ടരെയും പിടികൂടുവാൻ സാധിച്ചത്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

തലശ്ശേരി പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം

182. [251] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും ;

(ബി) ഇപ്പോൾ ഇതിന്റെ നിർമ്മാണപ്രവർത്തനം സ്തംഭിക്കാനുള്ള കാരണമെന്താണ് ;

(സി) ഈ പ്രവർത്തിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ബി) ആവശ്യമായ തുക ഇല്ലാത്തതുകൊണ്ട്.

(സി) 1985-86-ലെ ബഡ്ജറ്റിൽ 16,000 രൂപ വകയിരുത്തിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാർ

183. [252] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14 കൊല്ലത്തിലേറെയായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുന്ന 13 ജീവപര്യന്തം തടവുകാരെ ഉടൻ മോചിപ്പിക്കണമെന്ന് മാർച്ച് 4-ാം തീയതി ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ മോചിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിമൂന്നുപേരിൽ 7 പേരെ ജയിൽ ഉപദേശക സമിതിയുടെ ശുപാർശപ്രകാരം 31-1-1986-ൽ വിട്ടയയ്ക്കുവാൻ ഉത്തരവ് നൽകി. ബാക്കിയുള്ളവരുടെ മോചനക്കാര്യം പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

184. [253] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്നു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) 23-8-1985 വരെ 1603 കൊലപാതകങ്ങൾ നടന്നു. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

ബലാൽസംഗക്കേസുകൾ

185. [256] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ സംസ്ഥാനത്തൊട്ടാകെ എത്ര ബലാൽസംഗക്കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ഹരിജൻ യുവതികൾ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) അതിൽ എത്ര കേസുകളിൽ വിധി പറഞ്ഞു ;

(ഇ) വിധി പറഞ്ഞതിൽ എത്രയെണ്ണം ശിക്ഷിച്ചു ; എത്രയെണ്ണം വെറുതെവിട്ടു ;

(എഫ്) എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly